**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4375** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വാങ്ങിയ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2023 ഡിസംബറിൽ ദീർഘകാല വൈദ്യുത കരാറുകൾ റദ്ദ് ചെയ്ത നടപടി പുന:സ്ഥാപിച്ചതിനെ തുടർന്ന് യൂണിറ്റിന് 4.25 രൂപ നിരക്കിൽ 150 മെഗാവാട്ട് വൈദ്യുതി നൽകാമെന്ന് സമ്മതിച്ച ജിണ്ടാൽ പവർ കമ്പനിയിൽ നിന്നും പ്രസ്തുത വൈദ്യുതി വാങ്ങുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ടെൻഡർ നടപടി ക്രമങ്ങളിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതി യാനങ്ങളും വീഴ്ചകളും ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ആണ് 465 മെഗാവാട്ടിന്റെ ജിൻഡാൽ പവർ ലിമിറ്റഡ് ഉൾപ്പെടെയുമായുള്ള നാലു ദീർഘകാല കരാറുകൾക്ക് അനുമതി നിഷേധിച്ചു. തുടർന്ന് 29.12.2023- ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിലൂടെ കരാറുകൾ പുനഃ സ്ഥാപിച്ചതിനു ശേഷം കരാർ പ്രകാരമുള്ള നിരക്കിൽ (BID നിരക്ക് യൂണിറ്റിന് 4.29 രൂപ) വൈദ്യുതി നല്കാൻ ജിൻഡാൽ പവർ ലിമിറ്റഡ് തയ്യാറായിരുന്നു. എന്നാൽ 14.08.2020- ലെ റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് വഴി വൈദ്യുതി വിലയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. അത് പ്രകാരം പിടിച്ചുവെച്ച മുഴുവൻ തുകയും തീർത്തു നൽകണമെന്നും ജിൻഡാൽ പവർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 29.12.2023- ലെ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആവശ്യപ്പെട്ട തുക നല്കാൻ സാധിക്കുമായിരുന്നില്ല. ഇക്കാര ണത്താൽ വൈദ്യുതി നൽകുന്നത് പുനഃ സ്ഥാപിക്കാൻ ജിൻഡാൽ പവർ ലിമിറ്റഡ് അന്ന് തയ്യാറായില്ല . |
| (ബി) | 2023 ഡിസംബർ മുതൽ നാളിതുവരെയുള്ള കാലയളവിൽ ഇതിന് പകരമായി യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങിയിട്ടുള്ളതെന്നും ഈ ഇനത്തിൽ എത്ര തുക അധികം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | ദീർഘ കാല കരാറുകൾക്ക് അനുമതി നിഷേധിച്ചത് മൂലം അധിക ജലവൈദ്യുതി ഉത്പാദനം നടത്തിയ വകയിലും പവർ എക്സ്ചേഞ്ചിൽ നിന്നു വൈദ്യുതി വാങ്ങിയ വകയിലും കെ.എസ്.ഇ.ബി.എൽ-നു ഇതുവരെ ഏകദേശം 410 കോടി രൂപയുടെ അധിക ബാധ്യത കണക്കാക്കിയിട്ടുണ്ട്. ദീർഘ കാല കരാറുകൾക്ക് അനുമതി നിഷേധിച്ചത് മൂലം ഉണ്ടായ വൈദ്യുതി ലഭ്യത കുറവ് നികത്താനായി 2023 ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെ പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ വൈദ്യുതിയുടെ വില |

| | | | |
|---|---|---|---|
| | | | (പ്രസ്തുത മാസങ്ങളിലെ ശരാശരി) യൂണിറ്റിന് 4 രൂപ മുതൽ 9 .93 രൂപവരെയാണ്. |

സെക്ഷൻ ഓഫീസർ